**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1564** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ.കളിലെ ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തികയിൽ 2023 ഡിസംബർ വരെ റിട്ടയർമെന്റ്, പ്രമോഷൻ എന്നിവ വഴി പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ; | (എ) | 2023 ഡിസംബർ വരെയുള്ള കാലയളവിൽ റിട്ടയർമെന്റ് മുഖേന രണ്ട് ഒഴിവുകൾ പ്രതീക്ഷിക്കുന്നു. അവയിൽ ഒന്ന് വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നടത്തേണ്ട ഒഴിവും, ഒന്ന് നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടതുമാണ്. |
| (ബി) | ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും ലിസ്റ്റിന്റെ കാലാവധി ഏതുവരെയാണെന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ടി ലിസ്റ്റിൽ നിന്നും 83 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിന് 01.11.2024 വരെ പ്രാബല്യമുണ്ട്. |
| (സി) | പുതുതായി ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | പുതുതായി ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ